LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നഗരകാര്യ ഡയറക്ടറുടെ 5-11-2013-ലെ ജി3-4411/13-ാം നമ്പർ കത്ത് പ്രകാരം, കൊയിലാണ്ടിയിൽ, വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്ന വിഷയം സംബന്ധിച്ച്, കൊയിലാണ്ടി നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ അപേക്ഷയും സഹപത്രങ്ങളും സർക്കാർ പരിശോധിക്കുകയും, വ്യവസായ ആവശ്യത്തിലേക്ക് കൊയിലാണ്ടി നഗരസഭ ഏറ്റെടുത്ത ടി സ്ഥലം വെറ്ററിനറി സർവ്വകലാശാലയ്ക്ക് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച അധികാര വികേന്ദ്രീകരണ കൺസൾട്ടേറ്റീവ് കമ്മിറ്റിയുടെ അഭിപ്രായം 25-1-2014-ലെ 13128/ആർസി 4/2013/തസ്വഭവ കത്ത് പ്രകാരം നഗരകാര്യ ഡയറക്ടറേയും കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയേയും അറിയിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

നഗരസഭകളിൽ ബിൽഡിംഗ് പെർമിറ്റ്

120 (1591) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ ബിൽഡിംഗ് പെർമിറ്റ് സംവിധാനം പൂർണ്ണമായും ഓൺലൈനാക്കുമോ ;

(ബി) ഓൺലൈൻ സംവിധാനത്തിലെ പോരായ്മകൾ സംബന്ധിച്ച് പഠനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും മുൻസിപ്പാലിറ്റികളിലും 3-12-2014 മുതൽ കെട്ടിടനിർമ്മാണാനുമതിക്കായുള്ള അപേക്ഷകൾ ഓൺലൈനായി മാത്രം സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഓൺലൈൻ സംവിധാനത്തിൽ കണ്ടെത്തുന്ന പോരായ്മകൾ അതാത് സമയം ഇൻഫർമേഷൻ കേരള മിഷൻ പരിഹരിച്ചു വരുന്നുണ്ട്. കൂടാതെ ഈ സംവിധാനത്തിന്റെ മേൽനോട്ടത്തിനായി ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-നെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ പുതിയ മുനിസിപ്പാലിറ്റികൾ

121 (1592) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് പുതിയതായി മുനിസിപ്പാലിറ്റികളാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.